# <u>മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്</u>

എം.പി.ഐ./2023/ 16.06.2023

## <u>പത്രക്കുറിപ്പ്</u>

വിഷയം : പോത്തിൻകുട്ടി /ആട്ടിൻകുട്ടികളെ വളർത്തി തിരിച്ചെടുക്കൽ പദ്ധതി - കേരളസർക്കാരിന്റെയും എം.പി.ഐ. യുടെയും സഹായത്തോടെ :-

2023-24 സാമ്പത്തികവർഷം സംസ്ഥാനത്തുടനീളം 500 കർഷകരെ തിരഞ്ഞെടുത്ത് ഒരാൾക്ക് 2 പോത്തിൻകുട്ടികളെയോ 5 പെണ്ണാട്ടിൻകുട്ടികളെയോ വളർത്താൻ കൊടുക്കും. കുട്ടികളുടെ വില ആദ്യം കർഷകർ നൽകേണ്ടതില്ല. എന്നാൽ വളർത്തിയെടുക്കുന്ന പോത്ത്/ആട് ഇവയെ എം.പി.ഐ. ക്ക് തിരിച്ചുനൽകണം. എം.പി.ഐ. മാർക്കറ്റ് വിലയ്ക്ക് ഇവയെ തിരിച്ചെടുക്കും. ഈ അവസരത്തിൽ കുട്ടികളുടെ വില വസൂലാക്കി ബാക്കി തുക കർഷകർക്കു നൽകും. 12 മാസമാണ് വളർത്തുകാലഘട്ടം. അതിനായി 9 മാസം പ്രായമുള്ള ആട്ടിൻകുട്ടികളെയും 12 മാസം പ്രായമുള്ള പോത്ത് കിടാരികളെയുമാണ് വളർത്താൻ നൽകുന്നത്. ഇൻഷുറൻസ്, വെറ്ററിനറി എയ്ഡ്, ട്രെയിനിങ്ങ്, എന്നിവ എം.പി.ഐ. നിർവ്വഹിക്കും. രജിസ്ട്രേഷൻ 17.06.2023 മുതൽ 31.07.2023 വരെ ഓൺലൈൻ ആയോ നേരിട്ടോ ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷാഫാറത്തിനും മറ്റു വിശദവിവരങ്ങൾക്കും എം.പി.ഐ. യുടെ വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്.

Website : **www.meatproductsofindia.com**

. കൂടുതൽ വിവരങ്ങൾക്ക് **8281110007, 9947597902**

ഓൺലൈൻ അപേക്ഷകൾ അയക്കേണ്ട ഇമെയിൽ - **mpiedayar@gmail.com**

മാനേജിങ്ങ് ഡയറക്ടർ

# മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

## ബൈബാക്ക് അടിസ്ഥാനത്തിൽ പോത്ത്/ആട് കിടാരികളെ വളർത്താനുള്ള അപേക്ഷ

Photo

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്, മേൽ വിലാസം, ജില്ല, ഫോൺ നമ്പർ, ഇമെയിൽ, ആധാർ നമ്പർ | |
| 2 | സ്വന്തമായുള്ള സ്ഥലവിസ്തീർ ണ്ണം, വില്ലേജ്, താലൂക്ക്, സർവ്വേ നമ്പർ (കരമടച്ച രസീതിന്റെ പകർപ്പ് വയ്ക്കുക) | |
| 3 | പോത്തിൻകിടാരിയോ ആട്ടിൻ കുട്ടികളെയോ ഏതിനെയാണ് വളർത്താൻ താൽപര്യം ? (രണ്ടുംകൂടി ഒരാൾ തിരഞ്ഞെ ടുക്കാൻ പാടില്ല). 2 പോത്തിൻ കുട്ടികളെയോ 5 പെണ്ണാട്ടിൻകുട്ടി കളെയോ ആണ് തെരഞ്ഞെടു ക്കേണ്ടത്. | |
| 4 | എ) പോത്തിൻകുട്ടികൾക്ക് മേയാ നും വെള്ളം നൽകാനും പാർപ്പി ക്കാനും സൗകര്യമുണ്ടോ ?<br>ബി) നിശ്ചിതസ്ഥലത്ത് പോത്തിൻ കുട്ടികളെയോ ആട്ടിൻകുട്ടികളെ യോ എത്തിക്കുന്നതിനുള്ള ട്രാൻ സ്പോർട്ടേഷൻ ചാർജ് അപേക്ഷ കൻ വഹിക്കാൻ സമ്മതമാണോ ? | സൗകര്യങ്ങൾ വിശദീകരിക്കുക |

| | | |
|---|---|---|
| 5 | എം.പി.ഐ. വാങ്ങി നൽകുന്ന കുട്ടികളുടെ വില അവയെ ഇറച്ചി ആവശ്യത്തിനു എം.പി.ഐ. ക്കു വിൽക്കുന്ന അവസരത്തിൽ പലിശ ഈടാക്കാതെ വിൽപനവിലയിൽ നിന്ന് ഇടാക്കുന്നതിന് സമ്മത മാണോ ? | |
| 6 | വളർത്തുചിലവുകൾ സ്വന്തമായി വഹിക്കാൻ തയ്യാറാണോ ? | |
| 7 | ആവശ്യമെങ്കിൽ വളർത്തു ചിലവു കൾക്ക് കിസ്സാൻ ക്രെഡിറ്റു കാർഡ് എടുത്ത് ബാങ്കുകളിൽനിന്നും ഈടില്ലാത്ത വായ്പ കരസ്ഥമാക്കാ മോ ? (എം.പി.ഐ. അപേക്ഷകരെ ഇക്കാര്യത്തിൽ ബാങ്കിന് ശുപാർശ ചെയ്യുന്നതാണ്). | |
| 8 | കിസ്സാൻ ക്രെഡിറ്റുകാർഡ് വഴി എടുക്കുന്ന ലോൺ കർഷകന്റെ ഉത്തരവാദിത്വത്തിൽതന്നെ തിരി ച്ചടക്കാൻ സന്നദ്ധമാണോ ? | |
| 9 | സ്ഥലം :<br><br>തീയതി : | ഒപ്പ് :<br><br>പേര് : |

**<u>ഓഫീസ് ആവശ്യത്തിന്</u>**

അപേക്ഷകനെ ബന്ധപ്പെടുകയുണ്ടായി. അപേക്ഷ .......................... രജിസ്റ്റർ നമ്പറായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. .............................. ജില്ലയിലുള്ള അപേക്ഷകനായി പരിഗിക്കാവുന്ന താണ്.

(അസിസ്റ്റന്റ്) അസി.മാനേജർ (വി-2)

മാനേജിങ്ങ് ഡയറക്ടർ

# മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

## ബൈബാക്ക് സമ്പ്രദായത്തിൽ പോത്ത് / ആട് ഇവയെ വളർത്തുന്നതിനുള്ള സ്കീം വിവരണം

ഇറച്ചി ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന സർക്കാരിന്റെ പ്രകടനപത്രിക നടപ്പിലാക്കുന്നതിന്റെ ഭാഗമായി എം.പി.ഐ. നടപ്പിലാക്കുന്ന ആട്/പോത്ത് ബൈബാക്ക് സമ്പ്രദായത്തിലേക്ക് കർഷകരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**പദ്ധതി വിവരണം**

**പദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുക്കാനുള്ള അർഹത**

കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം. 5 പെണ്ണാട് അല്ലെങ്കിൽ 2 പോത്തിൻകുട്ടികളെ വളർത്തിയെടുക്കാനുള്ള മിനിമം സ്ഥലസൗകര്യം ഉണ്ടായിരിക്കണം. ഇത് തെളിയിക്കുന്നതിനായി ഭൂമിയുടെ കരം അടച്ച രസീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം അയച്ചിരിക്കണം. അപേക്ഷാഫാറം കമ്പനിയുടെ വെബ്സൈറ്റായ www.meatproductsofindia.com - ൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി - 31.07.2023

**അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- അഡ്രസ്സ് പ്രൂഫ് (ഇലക്ഷൻ ഐഡി / ആധാർ / റേഷൻ കാർഡ്)
- സ്ഥലത്തിന്റെ കരം അടച്ച രസീതിന്റെ പകർപ്പ് / വാടകചീട്ട്
- അപേക്ഷ പാസ്സാക്കിക്കഴിഞ്ഞാൽ മൃഗങ്ങളെ വളർത്തി പ്രായമെത്തിയാൽ എം.പി.ഐ. ക്കു തിരിച്ചു നൽകുമെന്ന വ്യവസ്ഥകൾ അടങ്ങുന്ന എഗ്രിമെന്റ്.
- രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

പോത്തിൻകുട്ടികൾ/ആട്ടിൻകുട്ടികളെ വളർത്താൻ നൽകുമ്പോൾ കമ്പനി വഹിച്ച വില, 12 മാസം വളർത്തിക്കഴിഞ്ഞ് എം.പി.ഐ. ക്ക് വിൽക്കുന്ന വിലയിൽനിന്നും കുറവു ചെയ്യും.

അപേക്ഷകൾ സ്വീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകളും സ്ഥല സൗകര്യവുമുള്ള 500 കർഷകരെ എം.പി.ഐ. 2023-24-കാലയളവിൽ തെരഞ്ഞെടുക്കും. ഇപ്പോഴത്തെ മാർക്കറ്റ് വില കണക്കിലെടുത്ത് പരമാവധി 32,000/- രൂപ വിലവരുന്ന 2 പോത്തിൻകുട്ടി / 5 പെണ്ണാട്ടിൻകുട്ടികളെ എം.പി.ഐ. വിതരണം നടത്തും. നിശ്ചിതസ്ഥലത്തുനിന്ന് ഇവയെ സ്വീകരിക്കുകയോ അപേക്ഷകൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് അപേക്ഷകന്റെ ചിലവിൽ കുട്ടികളെ ലഭ്യമാക്കുകയോ ചെയ്യുന്നതാണ്. പോത്ത് / ആട് വളർത്തൽ സംബന്ധിച്ച ട്രയിനിങ്ങ് സംരംഭകർക്ക് എം.പി.ഐ. സൗജന്യമായി നൽകുന്നതാണ്. 12 മാസം പ്രായമുള്ളതോ ഉദ്ദേശം വെയിറ്റ് 100 കി.ഗ്രാം ഉള്ളവയോ ആണ് നൽകുക. അതുപോലെ 9 മാസം പ്രായമുള്ള 5 പെണ്ണാട്ടിൻകുട്ടികളെയാണ് വിതരണം ചെയ്യുന്നത്.

12 മാസമായിരിക്കും വളർത്തു കാലയളവ്. 12 മാസം വളർത്തികഴിഞ്ഞാലുടൻ അവയെ എം.പി.ഐ. നിശ്ചയിക്കുന്ന മാർക്കറ്റ് വിലയ്ക്ക് തിരിച്ചുനൽകണം. ശരാശരി 250-300 കി.ഗ്രാം വരെ പോത്തിനു തൂക്കം ലഭിക്കാം അതുപോലെ ആടിനു പരമാവധി 30-40 കിലോ ഗ്രാം വരെ തൂക്കം പ്രതീക്ഷിക്കുന്നു.

പെണ്ണാട്ടിൻകുട്ടികൾ വളർത്തുകാലയളവിൽ 2 പ്രസവകാലം ഉണ്ടാകും. ആട്ടിൻകുട്ടികളെ ഇണചേർക്കലും മറ്റുകാര്യങ്ങൾക്കും അപേക്ഷകൻ സൗകര്യമൊരുക്കണം. ഈ 5 ആടുകളിൽനിന്ന് ലഭിക്കുന്ന ആട്ടിൻകുട്ടികളെ 2 മാസംവരെ പാൽ നൽകുവാൻ കർഷകരുടെ പക്കൽനിർത്താം. കർഷകന് ആട്ടിൻകുട്ടികളെ സ്വന്തം ആവശ്യത്തിന് വളർത്താം. ഒരു വർഷക്കാലം വളർത്തിയതിനുശേഷം 5 ആടുകളെ എം.പി.ഐ. ക്കു തിരിച്ചു നൽകണം.

അതുപോലെ 12 മാസം വളർത്തിയെടുക്കുന്ന പോത്തുകളെ തിരിച്ച് എം.പി.
ഐ. ക്ക് നൽകേണ്ടതാണ്.

ഇൻഷുറൻസ്, വെറ്ററിനറി എയ്ഡ് മുതലായവ എം.പി.ഐ. വഹിക്കുന്നതാണ്. വളർത്തുകാലയളവിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ വളർത്തുസ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കും.

മൃഗങ്ങളുടെ വളർത്തു ചിലവിലേക്ക് പ്രത്യേകിച്ച് ഷെഡ്, ഫീഡ്, ഫോഡർ കൾട്ടിവേഷൻ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് പണം ആവശ്യമുണ്ടെങ്കിൽ അത് കിസ്സാൻ ക്രെഡിറ്റ് ലോൺ ആയി കർഷകർക്ക് നാഷണലൈസ്ഡ് ബാങ്കുകളിൽനിന്ന് സ്വരൂപിക്കാൻ സാധിക്കും. ഇതിനായി കിസ്സാൻ ക്രെഡിറ്റ് കാർഡ് നിശ്ചിത ബാങ്കുകളിൽനിന്ന് സ്വന്തമാക്കേണ്ട ഉത്തരവാദിത്വം കർഷകർക്കാണ്. ഓൺലൈൻ സിസ്റ്റത്തിലൂടെ ഇവ ലഭിക്കുന്നതാണ്. ലോൺ ആവശ്യത്തിനായി എം.പി.ഐ. യുടെ ശുപാർശ ആവശ്യമുണ്ടെങ്കിൽ അത് എം.പി.ഐ. നൽകുന്നതാണ്. എന്നാൽ ലോൺതുക കൃത്യമായി ബാങ്കിൽ അടയ്ക്കേണ്ട ബാദ്ധ്യത അപേക്ഷകനാണ്.

മാനേജിങ്ങ് ഡയറക്ടർ